പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 10** **10.12.2012 ന് മറുപടിയ്ക്ക്**

**നെല്ലിയാമ്പതിയിലെ പാട്ടക്കരാർ ലംഘനം**

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

**ശ്രീ. എം. ഹംസ**

**ശ്രീ. രാജു എബ്രഹാം**

**ശ്രീമതി പി. അയിഷാ പോറ്റി**

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ**

(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) ഗുരുതരമായ പാട്ടക്കരാർ ലംഘനം നടന്നുവെന്ന് വനംവകുപ്പ് കണ്ടെത്തിയ നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(എ) ഗുരുതരമായ പാട്ടക്കരാർ ലംഘനം നടന്നുവെന്ന് വനംവകുപ്പ് കണ്ടെത്തിയ നെല്ലിയാമ്പതിയിലെ ബിയാട്രിസ് 246.26 ഏക്കർ, മീരാഫ്ളോറസ് (5 ബിറ്റ്) 486.63 ഏക്കർ എന്നീ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പാട്ടക്കരാർ ലംഘനം നടത്തിയതിനെത്തുടർന്ന് പാട്ടക്കരാർ റദ്ദ ചെയ്യുകയും റദ്ദുചെയ്യാൻ ശുപാർശ ചെയ്യുകയുമായ തോട്ടങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി) നെല്ലിയാമ്പതിയിലെ ഏതെല്ലാം തോട്ടങ്ങൾ വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായിട്ടുണ്ട്; അവശേഷിക്കുന്നവ ഏതൊക്കെ; അവ ഓരോന്നും ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ ഇപ്പോൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ;

(ബി) വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായ തോട്ടങ്ങളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. ടി തോട്ടങ്ങൾ കൂടാതെ ചെറുനെല്ലി (അപ്പർ) 28.40 ഏക്കർ ഇ.എഫ്.എൽ ആയി സർക്കാർ സംരക്ഷിച്ചുവരുന്നുമുണ്ട്. പാട്ടക്കരാർ റദ്ദാക്കിയതും എന്നാൽ കോടതി സ്റ്റേ നിലവിലുള്ളതിനാലും താഴെ പറയുന്ന തോട്ടങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

| | | |
|---|---|---|
| മോങ്ക് വുഡ് | - | 232.82 ഏക്കർ |
| രാജാക്കാട് | - | 288.85 ഏക്കർ |
| ചെറുനെല്ലി ലോവർ | - | 278.80 ഏക്കർ |

കൂടാതെ പാട്ടക്കരാർ റദ്ദാക്കാൻ ശുപാർശ ചെയ്തിട്ടുള്ള തോട്ടങ്ങളുടെ വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.

(സി) ഏറ്റെടുത്ത ഭൂമി തിരിച്ച് നൽകേണ്ടി വന്ന സാഹചര്യം എന്തായിരുന്നു; ഇതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(സി) ചെറുനെല്ലി എസ്റ്റേറ്റ് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ ഏറ്റെടുത്ത നടപടി ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. എന്നാൽ ഈ വിധിക്കെതിരെ അപ്പീൽ നൽകുവാനുള്ള തീരുമാനം സർക്കാർ തലത്തിൽ എടുക്കുന്നതിന് മുൻപ് തന്നെ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എസ്റ്റേറ്റ് കക്ഷികൾക്ക് തിരിച്ചു കൊടുത്തു. ന്യായമായും അപ്പീൽ നൽകാവുന്ന കേസായിരുന്നിട്ടും അതിന് അവസരം നഷ്ടപ്പെടുത്തിയ അന്നത്തെ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. കൂടാതെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്.

(ഡി) വനം വകുപ്പിന്റെ ഏറ്റെടുക്കൽ നടപടികൾക്കെതിരെ ഏതെല്ലാം തലങ്ങളിൽ നിന്നാണ് സർക്കാരിന് സമ്മർദ്ദം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സർക്കാരിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന പ്രവൃത്തി ഒരു തലത്തിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നില്ല.

(ഇ) ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിലുൾപ്പടെ ഇക്കാര്യത്തിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ചകൾക്ക് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

(ഇ) കേസ്സുകളുടെ നടത്തിപ്പിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം | എസ്റ്റേറ്റിന്റെ പേര് | വിസ്തൃതി (ഏക്കർ) | റിമാർക്സ് |
|---|---|---|---|
| 1 | മോങ്ക്‌വുഡ് | 232.82 | എസ്റ്റേറ്റിന്റെ ലീസ് റദ്ദാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ബഹു. കോടതിയുടെ സ്റ്റേ ഉള്ളതുകൊണ്ട് എസ്റ്റേറ്റ് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |
| 2 | രാജാക്കാട് | 288.85 | എസ്റ്റേറ്റിന്റെ ലീസ് റദ്ദാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ബഹു. കോടതിയുടെ സ്റ്റേ ഉള്ളതുകൊണ്ട് എസ്റ്റേറ്റ് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |
| 3 | കാരപ്പാറ 'എ' | 541.37 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന് മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |
| 4 | കാരപ്പാറ 'ബി'(കൈരളി) | 577.12 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന് മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |
| 5 | ഷെർനെല്ലി ലോവർ | 278.80 | എസ്റ്റേറ്റിന്റെ ലീസ് റദ്ദാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനെതിരെ ബഹു. കോടതിയുടെ സ്റ്റേ ഉള്ളതുകൊണ്ട് എസ്റ്റേറ്റ് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല |
| 6 | അലക്സാണ്ട്രിയ 'എ' (8) | 250.00 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |
| 7 | അലക്സാണ്ട്രിയ 'ബി' (6) | 251.75 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന് മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |
| 8 | ബ്രൂക്ക്‌ലാന്റ് | 250.00 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന് മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |
| 9 | ബിയാട്രീസ് | 33.68 | എസ്റ്റേറ്റിന്റെ കൈവശക്കാർക്ക് നൽകുന്നതിനുള്ള കരട് കാരണം കാണിക്കൽ നോട്ടീസ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 10 | ചന്ദ്രാമല (5) | 808.41 | ലീസ് റദ്ദ് ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. - തിരിച്ചെടുക്കുന്നതിന മുന്നോടിയായുള്ള കാരണം കാണിയ്ക്കൽ നോട്ടീസ് തയ്യാറാവുന്നു. |

അനുബന്ധം. 2

**വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലായ തോട്ടങ്ങൾ**

| Sl.No. | Name of Estate | Extent in Acres |
|---|---|---|
| 1 | Rosary | 242.69 |
| 2 | Cliff view | 14.82 |
| 3 | Cliff view | 5.00 |
| 4 | Thuthampara | 351.36 |
| 5 | Beatrice | 246.26 |
| 6 | Miraflores | 82.45 |
| 7 | Miraflores | 126.50 |
| 8 | Miraflores | 93.00 |
| 9 | Miraflores | 27.00 |
| 10 | Miraflores (Valvachan) | 157.68 |
| | **Total** | **1346.76** |

S.O

അനുബന്ധം - 3

## പാട്ടക്കരാർ റദ്ദാക്കാൻ ശുപാർശ ചെയ്തിട്ടുള്ള തോട്ടങ്ങൾ

| ക്രമ നം | എസ്റ്റേറ്റ് | വിസ്തൃതി |
|---|---|---|
| 1 | കാരപ്പാറ 'എ' | 541.37 ഏക്കർ |
| 2 | കാരപ്പാറ 'ബി' (കൈരളി) | 577.12 ഏക്കർ |
| 3 | അലകാസാണ്ട്രിയ 'എ' (8) | 250.00 ഏക്കർ |
| 4 | അലകാസാണ്ട്രിയ 'ബി' (6) | 251.75 ഏക്കർ |
| 5 | ബ്ലൂക്ക് ലാന്റ് | 250.00 ഏക്കർ |
| 6 | ബിയാട്രീസ് | 33.68 ഏക്കർ |
| 7 | ചന്ദ്രാമല (5) | 808.41 ഏക്കർ |

SO